പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 261 | 05-03-12-ൽ മറുപടിക്ക്.

## കുട്ടികളിലെ മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കുട്ടികളിലെ മദ്യപാനാസക്തി കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുട്ടികളിൽ മദ്യപാനാസക്തി കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, കുട്ടികൾക്കിടയിലെ മദ്യപാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. തിരഞ്ഞെടുക്കപ്പെട്ട 267 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തി വരുന്നു. |
| (സി) | മദ്യപാനത്തിനും മയക്കുമരുന്നു പ്രയോഗത്തിനും എതിരേ ബോധവൽക്കരണത്തിനായി പ്രത്യേക പാഠ്യപദ്ധതി സ്കൂൾ സിലബസിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (ഡി) | ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണ് ? | (ഡി) | മദ്യത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച് ശക്തമായ ബോധവൽക്കരണത്തിലൂടെയും, പാഠ്യപദ്ധതിയിലുൾപ്പെടുത്തിയും, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും, വിദ്യാർത്ഥികൾക്കിടയിലെ മദ്യപാനം സമ്പൂർണ്ണമായി ഇല്ലാതാക്കുക എന്നതാണ് നയം. |

സെക്ഷൻ ഓഫീസർ